LIBRARY ARCHIVES Kerala Legislative Assembly

(സി) വീട്ടുകരം ഒഴിവാക്കുന്നതിന് എല്ലാവർഷവും ഏപ്രിൽ 1 മുതൽ 10 വരെ എന്ന വ്യവസ്ഥ വിമുക്ത ഭടൻമാർക്ക് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനാൽ ആയതിൽ ഇളവ് വരുത്തുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിമുക്ത ഭടൻമാർ/അവരുടെ ഭാര്യമാർ/വിധവകൾ/ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻമാർ/ജവാൻമാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന തറവിസ്തീർണ്ണം 2,000 ചതുരശ്ര അടിയിൽ കവിയാത്ത ഒരു വീടിന് വസ്തു നികുതി ഒഴിവാക്കിയിട്ടുണ്ട്. കര, നാവിക, വ്യോമയാന വിഭാഗങ്ങൾക്ക് മാത്രമേ ഈ ആനുകൂല്യം അനുവദിക്കുന്നുള്ളൂ. ഒരിക്കൽ നികുതിയിളവ് ലഭിച്ചാലും ഓരോ സാമ്പത്തിക വർഷത്തിലും മേൽപ്പറഞ്ഞ നികുതിയിളവ് ലഭിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അധികാരിക്ക് പ്രത്യേകം അപേക്ഷ നൽകേണ്ടതാണ്. ഈ വിഷയത്തിൽ 2-7-2013-ൽ പുറപ്പെടുവിച്ച സ.ഉ. (എംഎസ്.) 242/2013/തസ്വഭവ നമ്പർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരത്തിൽ ഇളവ് ആവശ്യപ്പെട്ട് ലഭിച്ച ധാരാളം പരാതികൾ സർക്കാർ 38814/ആർ.സി.2/13/തസ്വഭവ ഫയലിൽ വിശദമായി പരിശോധിക്കുകയും നിലവിൽ തദ്ദേശസ്വയംഭരണ സർക്കാരുകളുടെ സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാലും, 2,000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണത്തിൽ വീട് വയ്ക്കുന്ന വിമുക്ത ഭടൻമാർ സമ്പന്ന വിഭാഗത്തിൽപ്പെടുന്നവരായതിനാലും, സർക്കാർ നൽകിയ ആനുകൂല്യം വ്യാപകമായി ദുരുപയോഗം ചെയ്തു വരുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലും നിലവിലെ ഉത്തരവ് പുനഃപരിശോധിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്.

**പുറക്കാട് ഐ.ടി.ഐ. യ്ക്ക് പഞ്ചായത്ത് വക സ്ഥലം**

**252 (1624)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പുറക്കാട് ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതേ ആവശ്യം ഉന്നയിച്ച് അമ്പലപ്പുഴ എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) പ്രസ്തുത സ്ഥലം വിട്ടുനൽകാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. ടി സ്ഥലം നെൽവയൽ തണ്ണീർത്തട ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണോ എന്ന് പരിശോധിക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലം നെൽവയൽ തണ്ണീർത്തട ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണോ എന്ന് പരിശോധിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**മുളക്കുളം വൃദ്ധസദനം**

**253 (1625)** ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ ആരംഭിക്കുന്ന വൃദ്ധസദനത്തിന്റെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത വൃദ്ധസദനത്തിനായുള്ള, സാമൂഹ്യനീതി ഡയറക്ടറേറ്റിലെ F5/35021/2014 ഫയൽ പ്രകാരമുള്ള കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ സാമ്പത്തികവർഷം പദ്ധതിക്ക് അനുമതി ലഭിക്കുമോ എന്നറിയിക്കുമോ ?

ഉത്തരം

(എ & ബി) മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ വൃദ്ധസദനത്തിനായുള്ള 35.5 സെന്റ് ഭൂമിയും പകുതി പൂർത്തിയായ കെട്ടിടവും സാമൂഹ്യനീതി വകുപ്പിന് കൈമാറി നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കെട്ടിടത്തിന്റെ അവശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനായി 8-6-2015-ലെ ജി.ഒ. (ആർറ്റി.) 347/15/സാനീവ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly